## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3145** **19/06/2018-ൽ മറുപടിയ്ക്ക്**

## തച്ചപ്പള്ളി ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ കെട്ടിടനിർമ്മാണം

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തിരുവനന്തപുരം ജില്ലയിൽ പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ തച്ചപ്പള്ളി ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ കെട്ടിടനിർമ്മാണത്തിന് എ.കെ.ആന്റണി എം.പി.യുടെ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്.25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | എന്നാണ് ഇതിന് തുക അനുവദിച്ചതെന്നും ഇതിന്റെ നിർമ്മാണത്തിന് വന്ന കാലതാമസം എന്തെന്നും വ്യക്തമാക്കുമോ; | (ബി) | ബഹു: എം.പി. 06.05.2017- ൽ തുക അനുവദിക്കുകയും 29.07.2017-ന് ഭരണാനുമതി നല്കുകയും ചെയ്തിട്ടുണ്ട്. സ്കൂളിൽ നിലവിലുണ്ടായിരുന്ന പഴയകെട്ടിടം പൊളിച്ച് മാറ്റിയിട്ടാണ് പുതിയ കെട്ടിടത്തിന്റെ പണി ആരംഭിച്ചത്. ആയതിനാലാണ് നിർമ്മാണത്തിന് കാലതാമസം വന്നത്. |
| (സി) | പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണച്ചുമതലയുള്ള കരാറുകാരന്റെ വിശദവിവരം വെളിപ്പെടുത്തുമോ; | (സി) | ശ്രീ.മോഹനൻ നായർ, കൃഷ്ണ വിലാസം, പോത്തൻകോട് എന്ന ഗവൺമെന്റ് കോൺട്രാക്ടർക്കാണ് കെട്ടിടത്തിന്റെ നിർമ്മാണ ച്ചുമതല നല്കിയിട്ടുള്ളത്. |
| (ഡി) | ഇതിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) | 2018 ഡിസംബർ മാസത്തോടു കൂടി പണി പൂർത്തീകരിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ.